## ആഗമനകാലം നാലാം ഞായർ

**ജോസഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കൽപിച്ചതുപോലെ പ്രവർത്തിച്ചു.**

* **നിങ്ങൾ നിദ്രയിലാണോ?**

  -ശരീരത്തിന്റെ —- മനസിന്റെ - ആത്മീയതയുടെ-കാഴ്ചപാടുകളുടെ-പക്വതയുടെ ഏതുമാകട്ടെ നിദ്ര നിന്നെ നിഷ്ക്രിയനാക്കും മാത്രമോ നിദ്ര ദൈവീക പദ്ധതിയുടെ സ്വാഭാവിക ഒഴുക്കിന് എതിരു നിൽക്കും.

* **ജോസഫ് നിന്ദ്രയിലായിരുന്നു**

  - അയാൾ നീതിമാനെന്ന് തിരുവചനം - എന്നിട്ടും നിഷിദ്ധമായ ദൈവീക പദ്ധതിക്കമുന്നിൽ അദ്ദേഹം സന്ദേഹിയാകുന്നു.

* **ഒരു മാലാഖ വന്നെങ്കിൽ**

  - ജോസഫിനെ നിദ്രയിൽ കാഴ്ചപ്പാടുകളുടെ പൂർണതയിൽ ദൈവീക പദ്ധതിയെ പൂർത്തീകരിക്കാൻ ധൈര്യവും നല്കുന്ന മാലാഖ.

  -സന്ദേഹി ഊർജസ്വലനാകുന്നു

-ഒരു മാലാഖ വന്നിരുന്നെങ്കിൽ എന്റെ ബോധ്യങ്ങൾക്കും എന്റെ ജീതത്തിനും എന്റെ നിയോഗങ്ങൾക്കും ബലമേകാൻ

* **എന്റെ മാലാഖ എവിടെ?**

  -ഒരു പക്ഷേ ഈ പരിശുദ്ധ കുർബനയായിരിക്കും

  -ആത്മാർദ്ധമായൊരു കുമ്പസാരം

  -മനസ് തുറന്ന ഒരു ആരാധന

  -കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്നൊരു കുടുംബപ്രാർത്ഥന

  എന്തും എന്റെ ആത്മീയതയിൽ എന്നെ കൈപിടിച്ചുയർത്താൻ ദൈവം അയക്കുന്ന മാലാഖയെ തിരിച്ചറിയുക

  നിദ്രയിൽനിന്നുണർന്ന ജോസഫിനെ സ്വപ്നം കാണുന്നു ഞാൻ. എന്റെ സന്ദേഹങ്ങളും എന്റെ നിദ്രകളും മാറി ദൈവീക പദ്ധതിയുടെ പുലരിയിലേക്ക് എന്നെ കൈപിടിച്ചുയർത്തണമേ, ആമേൻ.